**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 261** **27-06-2022 - ൽ മറുപടിയ്ക്ക്**

**കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഡയാലിസിസ്, ആൻജിയോപ്ലാസ്റ്റി തുടങ്ങിയ ചികിത്സകൾക്ക് വേണ്ട ഉപകരണങ്ങളുടെയും രക്തസമ്മർദ്ദം, പ്രമേഹം, കാൻസർ എന്നീ രോഗങ്ങൾക്കുൾപ്പെടെയുള്ള അവശ്യ മരുന്നുകളുടേയും വില 10.76 ശതമാനം വർദ്ധിപ്പിക്കാൻ കേന്ദ്രസർക്കാർ അനുമതി നൽകിയത് ദരിദ്രരെ കൂടുതൽ ദുരിതത്തിലാക്കുമെന്നതിനാൽ വില വർദ്ധനവിനുള്ള അനുമതി പിൻവലിക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്ന കാര്യം പരിശോധിക്കുമോ; | (എ) | പരിശോധിക്കാവുന്നതാണ് |
| (ബി) | സംസ്ഥാനത്ത് എല്ലാവർക്കും സൗജന്യമായോ കുറഞ്ഞ ചെലവിലോ ആരോഗ്യപരിരക്ഷ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (ബി) | സർക്കാർ ആശുപത്രികളിൽ പൊതുവെ സൗജന്യമായാണ് ചികിത്സ ജനങ്ങൾക്ക് നൽകി വരുന്നത്.<br><br>കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി അഥവാ കെ എ എസ് പി, കാരുണ്യ ബെനവലന്റ് ഫണ്ട് അഥവാ കെ ബി എഫ് എന്നിങ്ങനെ രണ്ട് ചികിത്സാസഹായ പദ്ധതികൾ നിലവിൽ സംസ്ഥാന ആരോഗ്യ ഏജൻസി വഴി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നു. **പ്രതിവർഷം 5 ലക്ഷം രൂപ വരെയുള്ള സൗജന്യ ചികിത്സയാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി നൽകുന്നത്.**<br><br>**കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ കീഴിൽ** വരാത്ത കുടുംബങ്ങൾക്ക് വാർഷിക വരുമാനം 3 ലക്ഷത്തിനു താഴെ ആണെങ്കിൽ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സ നൽകുന്നുണ്ട്. ഈ പദ്ധതി പ്രകാരം 2 ലക്ഷം രൂപയുടെ ആജീവനാന്ത ചികിത്സ പരിരക്ഷ (കിഡ്നി രോഗങ്ങൾക്ക്- 3 ലക്ഷം രൂപ വരെ) കുടുംബത്തിനു മുഴുവനായി നൽകിവരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വർദ്ധിപ്പിച്ചുകൊണ്ടും ജനറിക് മരുന്നുകൾ നൽകണമെന്ന് ആശുപത്രികൾക്ക് നിർദ്ദേശം നൽകിക്കൊണ്ടും ബ്രാൻഡഡ് മരുന്നുകളിൻമേലുള്ള അമിത ലാഭം നിയന്ത്രിക്കാൻ നടപടിയെടുക്കുമോ? | (സി) | നിലവിൽ ആരോഗ്യ വകുപ്പിനു കീഴിലുള്ള സർക്കാർ ആശുപത്രികളിൽ എല്ലാ മരുന്നുകളുടെയും ഉപയോഗം രാസനാമത്തിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായി വാർഷിക ഇന്റന്റ് തയ്യാറാക്കി സംസ്ഥാന സർക്കാരിന്റെ മരുന്നു സംഭരണ വിതരണ ഏജൻസിയായ കെ.എം.എസ്.സി.എൽ ന് സംഭരണ വിതരണത്തിനായി നൽകി വരുന്നു. ആരോഗ്യവകുപ്പിന് കീഴിലുള്ള സർക്കാർ ആശുപത്രികളിൽ രോഗികൾക്ക് ആവശ്യമായ എല്ലാ മരുന്നുകളും ബ്രാൻഡഡ്, ജനറിക് എന്ന വേർതിരിവില്ലാതെ രാസനാമത്തിന്റെ അടിസ്ഥാനത്തിൽ കെ.എം.എസ്.സി.എൽ – ൽ പൊതു വിപണിയേക്കാൾ കുറഞ്ഞ വിലയിൽ ഗുണനിലവാരം ഉറപ്പാക്കി സംഭരിച്ച് വിതരണം ചെയ്തു വരുന്നു. ജനപ്രതിനിധികളുടെയോ, ആശുപത്രി അധികൃതരുടെയോ, പൊതുപ്രവർത്തകരുടെയോ ആവശ്യകത പ്രകാരം, ആരോഗ്യ കേന്ദ്രങ്ങളിലെ സ്ഥലലഭ്യതയ്ക്ക് വിധേയമായാണ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ആരംഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ